പട്ടികവർഗ്ഗ ക്ഷേമ വികസന പദ്ധതികൾ

241(2446) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗത്തിനുവേണ്ടി വർഷങ്ങളായി ഭീമമായ തുക വിനിയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടും അവയുടെ പ്രയോജനം പ്രസ്തുത വിഭാഗങ്ങളിൽപ്പെടുന്നവർക്ക് ലഭിക്കുന്നില്ലെന്നും ജീവിക്കുവാനുള്ള പ്രാഥമിക സൗകര്യങ്ങൾ പോലും ലഭ്യമാക്കുവാൻ കഴിയുന്നില്ലെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തെക്കുറിച്ച് വിശദമായി പഠിക്കുവാനും ഗൗരവപൂർവ്വം പരിഹാര നടപടികൾ സ്വീകരിക്കുവാനും തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പട്ടികവർഗ്ഗക്കാർ നേരിടുന്ന വിഷയങ്ങളെ സംബന്ധിച്ച് കിലയുടെ നേതൃത്വത്തിൽ വിശദമായ പഠനം നടത്തിയിട്ടുണ്ട്. സർവ്വെയിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗത്തിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ പ്രയോജനം പ്രസ്തുത വിഭാഗത്തിൽപ്പെടുന്നവർക്ക് ലഭിക്കുവാൻ വേണ്ടി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

- ആരോഗ്യപരിപാലനത്തിനായി ജനനി ജന്മരക്ഷ, ചികിത്സാ ധനസഹായം, സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് എന്നിവ നടപ്പിലാക്കി വരുന്നു.
- മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂൾ/ആശ്രം സ്കൂൾ/ഹോസ്റ്റലുകൾ എന്നിവയുടെ നടത്തിപ്പിനും ഗോത്രസാരഥി, സ്കോളർഷിപ്പ് തുടങ്ങിയവയും നടപ്പാക്കിവരുന്നു.
- അഡീഷണൽ ട്രൈബൽ സബ്പ്ലാൻ, ഹാംലെറ്റ് വികസന പദ്ധതി, പതിമൂന്നാം ധനകാര്യ കമ്മീഷൻ മുഖേന പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി, മോഡൽ കോളനി വികസന പദ്ധതി, സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.
- പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- പട്ടികവർഗ്ഗ ഉപപദ്ധതിയുടെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സ്വയംതൊഴിൽ പദ്ധതികൾ, തൊഴിൽ പരിശീലന പരിപാടികൾ, കാർഷിക പദ്ധതികൾ തുടങ്ങിയ സാമ്പത്തിക ഉന്നമന പരിപാടികൾ പ്രത്യേകം തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

- പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി 134 റോഡുകളും 2 പാലങ്ങളും നിർമ്മിക്കുന്നതിനായി 103 കോടി രൂപയുടെ വായ്പയ്ക്കുള്ള അനുമതി നൽകി പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാർക്കായിട്ടുള്ള വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ അവർ പരമ്പരാഗതമായി ആചരിച്ചുവന്നിരുന്ന പ്രത്യേക ഗോത്ര സംസ്കാരത്തിനു കോട്ടം തട്ടാത്ത രീതിയിൽ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ച് പട്ടികവർഗ്ഗ ജനതയെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും അവരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും നിർവ്വഹണത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഏതെങ്കിലും സാഹചര്യങ്ങളിൽ പട്ടികവർഗ്ഗക്കാർ ദുരിതം അനുഭവിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടികൾ ദ്രുതഗതിയിൽ സ്വീകരിക്കുന്നതാണ്. എന്നിരുന്നാലും ക്ലേശഘടകങ്ങൾ പരിപൂർണ്ണമായി പരിഹരിക്കുന്നതിന് പട്ടികവർഗ്ഗക്കാരുടെ സഹകരണവും ഇടപെടലും കൂടുതൽ വർദ്ധിപ്പിക്കേണ്ടതായുണ്ട്. ഇവരെ ശക്തിപ്പെടുത്തുന്നതിന് പരിശീലന പരിപാടികളും ശാക്തീകരണ പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗക്ഷേമ വകുപ്പിനു കീഴിൽ റോഡുപണി

242(2447) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനു കീഴിൽ കാസർഗോഡ് മണ്ഡലത്തിൽ എത്ര റോഡുകളുടെ പണി ഏറ്റെടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly